LIBRARY ARCHIVES Kerala Legislative Assembly

പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ

31 (2240) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ നഗരസഭയിലെ പൂക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ വിഷയമുന്നയിച്ച് വിവിധ സംഘടനകൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കിടത്തി ചികിത്സയ്ക്കായി 2010 കാലയളവിൽ കെട്ടിടം പണി തീർന്നു. ഇതിൽ ഇപ്പോൾ എൻ.ആർ.എച്ച്.എം., എൽ.എസ്.ജി. ലാബും ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റും പെയിൻ ആന്റ് പാലിയേറ്റീവ്, കോൺഫറൻസ് ഹാൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

കിടത്തി ചികിത്സയ്ക്കായി ഡോക്ടർമാരെ ഉൾപ്പെടെ അധിക തസ്തികകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള ലൈസൻസ്

32 (2241) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ലാബ് തുടങ്ങുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ ; ഒരു ഷോപ്പ് ലൈസൻസ് മാത്രമുണ്ടെങ്കിൽ ലാബുകൾ തുടങ്ങാമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ ലാബുകൾ പരിശോധനകൾക്ക് തോന്നിയതുപോലെ നിരക്ക് ചുമത്തുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

(സി) സർക്കാർ ലബോറട്ടറികളുടെ ശാക്തീകരണത്തിനായി സർക്കാർ അനലിസ്റ്റ് ലബോറട്ടറി, പബ്ലിക് ഹെൽത്ത് ലാബ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

(ഡി) സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധന നടത്തുന്നതിന് പൊതുമേഖലാ ലാബുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ വിശദമാക്കുമോ ;

ഉത്തരം

(എ) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

(ബി) ഉണ്ട്. ഗവൺമെന്റിന്റെ പരിഗണനയിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുമ്പോൾ ലബോറട്ടറികളുടെ നിരക്കിനെ സംബന്ധിച്ച പരാതികൾ പരിഗണിക്കാൻ കഴിയുന്നതാണ്.

(സി) ഹെൽത്ത് ലാബുകളുടെ ശാക്തീകരണത്തിനുവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനൂതന മെഷീനുകൾ ലഭ്യമാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം കൃത്യവും വേഗത്തിലും രോഗ നിർണ്ണയം സാദ്ധ്യമാക്കുകയും കൂടുതൽ ജനങ്ങളിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ആദ്യമായി സർക്കാർ മേഖലയിൽ പി.സി.ആർ. ലാബ് തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ആരംഭിച്ചു. ഇതിനുപുറമെ നവജാത ശിശുക്കളിലെ ജനിതക വൈകല്യം തുടക്കത്തിലേ കണ്ടുപിടിച്ച് ചികിത്സിക്കാനുള്ള ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിനുള്ള ടെസ്റ്റുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ പബ്ലിക് ഹെൽത്ത് ലാബുകളുടെ ശാക്തീകരണം ശരിയായദിശയിൽ നടപ്പാക്കിയതിനാൽ ഉന്നത നിലവാരത്തിലെത്തിച്ചേരുകയും തിരുവനന്തപുരത്തെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷനും കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ലാബുകൾക്ക് കെ.സി.ഐ. അക്രഡിറ്റേഷനും ലഭിക്കുകയുണ്ടായി.

ഇതിനുപുറമെ വയനാട്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ ആരംഭിക്കാനുള്ള നടപടികളെടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ അനലിറ്റിക്കൽ ലാബും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും നിലവിലുള്ളതാണ്. ആയതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകൾ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ മരുന്ന് പരിശോധനാ ലാബുകൾ നിലവിലുണ്ട്. തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) മേൽ ലാബുകളിൽ പരിശോധനയ്ക്ക് എത്തിച്ചേരുന്നവരിൽനിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം ചാർജ്ജ് മാത്രമാണ് ഈടാക്കുന്നത്. മറ്റ് സ്വകാര്യ ലാബുകളുടെ ചാർജ്ജുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം തുച്ഛമായ സംഖ്യ മാത്രമാണ് ഈടാക്കുന്നത്. ഉദാഹരണമായി ഡെങ്കി, ലെപ്റ്റോ, വൈഡാൾ തുടങ്ങിയ ടെസ്റ്റുകൾക്ക് സ്വകാര്യ മേഖല വലിയ ചാർജ്ജ് ഈടാക്കുമ്പോൾ സർക്കാർ ലാബുകളിൽ ബി.പി.എൽ.കാർക്ക് അത് സൗജന്യമാണ്. തൈറോയ്ഡ്, ഡി.എൻ.എ (പി.സി.ആർ) തുടങ്ങിയ ടെസ്റ്റുകൾ യഥാക്രമം 400, 2000 എന്നീ തുകകൾക്കുമേൽ സ്വകാര്യ ലാബുകൾ ഈടാക്കുമ്പോൾ സർക്കാർതലത്തിൽ 150, 850 എന്നീ ചാർജ്ജുകൾ മാത്രമാണ് എ.പി.എൽ. കാരിൽനിന്നും ഈടാക്കുന്നത്.

കൂടാതെ ബി.പി.എൽ., അനാഥർ, അഗതിമന്ദിരത്തിൽനിന്ന് വരുന്നവർ, മാനസിക രോഗികൾ തുടങ്ങി സർക്കാർ തീരുമാനത്തിന് വിധേയമായി അർഹരായ എല്ലാവർക്കും തികച്ചും സൗജന്യമായി മേൽ വിവരിച്ച ചെലവേറിയ ടെസ്റ്റുകൾ ഉൾപ്പെടെ എല്ലാ രോഗനിർണ്ണയങ്ങളും നടത്താറുണ്ട്.

പ്രാഥമിക ആരോഗ്യരംഗം സമഗ്രമായി വികസിപ്പിക്കാൻ പദ്ധതി

33 (2242) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :